നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പെൻഷൻ ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്. കുടിശ്ശിക കണക്കാക്കി ക്ഷീരസംഘം പ്രതിനിധികൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ ടി ചർച്ചയിലെ തീരുമാനപ്രകാരം ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(36) മുൻ പഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഈ സെഷൻ തുടങ്ങി രണ്ടാമത്തെ ദിവസം ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി കൊടുത്തതായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണെന്ന് പറഞ്ഞപ്പോൾ ഞാൻ കൂടുതൽ താൽപര്യം എടുത്തില്ല. ഇന്നെടുത്ത മൊത്തം 45 സബ്മിഷനുകളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടുവെന്നേയുള്ളൂ. കേരളത്തിലെ പ്രാദേശിക ഭരണ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നാണ് ഞാനീ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ഈ ഗവൺമെന്റ് അവർക്കുവേണ്ടി ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും പെൻഷനും ഇൻഷുറൻസ് പദ്ധതിയും ഇതുവരെയും നടപ്പാക്കിയിട്ടില്ല. അതിനാൽ അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ക്ലേശകരമായ ജീവിതം നയിക്കുകയും ചികിത്സയ്ക്ക് പോലും ഗതിയില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്ത് അംഗങ്ങളെ ചിയാക്ക്-ന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാവർഷവും തുക സംഭാവന ചെയ്യുന്ന അവിടുത്തെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിരക്ഷ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് സെക്രട്ടേറിയറ്റിലും മറ്റ് ഓഫീസുകളിലും സുഗമമായി പ്രവേശിക്കുന്നതിനായി അതത് പഞ്ചായത്തുകൾ മുഖേന ചില മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻപദ്ധതി നടപ്പിലാക്കണമെന്നുള്ളത് വളരെ നാളായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യവുമായി ബന്ധപ്പെട്ട് ഞാനും നഗര വികസന വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പുമന്ത്രിയുമടക്കം അതിനുവേണ്ടി ഒരു ഫയൽ ഉറക്കുകയും അതിപ്പോൾ ക്യാബിനറ്റിന്റെ പരിഗണനയിലുമാണ്. മുഖ്യമന്ത്രിയടക്കമുള്ളവർ അതിന് അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. നമ്മുടെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച്, എത്രയും പെട്ടെന്ന് ഈ പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(37) കെട്ടിട നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ബിൽഡിംഗ് പെർമിറ്റിന് വിധേയമായി നിർമ്മാണം പൂർത്തിയാക്കിയ നിരവധി കേസ്സുകളിൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാണിച്ച് കെട്ടിട നമ്പരും ഒക്യുപൻസിയും നൽകാത്ത സാഹചര്യം നിലവിലുണ്ട്. ഇതുമൂലം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഉടമകൾക്ക് വീടുകളാണെങ്കിൽ അതിൽ താമസിക്കുന്നതിനോ, അല്ലെങ്കിൽ കച്ചവട സ്ഥാപനങ്ങളാണെങ്കിൽ കച്ചവടം ആരംഭിക്കുന്നതിനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുവാൻ, നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അവർ നൽകിയ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ ആർ.ബി. സെക്ഷനിലെ 27-9-2014-ലെ 167/2014 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പണിതതിനുശേഷം ക്രമക്കേടോ ചട്ടലംഘനമോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റിന് അപേക്ഷ നൽകിയവർക്കല്ല, മറിച്ച് അവിടത്തെ ഉദ്യോഗസ്ഥർക്കാണ്. അതുകൊണ്ട് ആ ഉദ്യോഗസ്ഥരിൽനിന്നും ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആ നഷ്ടം ഈടാക്കണം. കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിന് നഗരസഭകൾക്ക് അന്നൊരു പെർമിഷൻ കൊടുത്തു. എന്നാൽ സാധാരണക്കാരായ കൂടുതൽ ആളുകൾ താമസിക്കുന്ന പഞ്ചായത്തുകളിൽ ഇതിനാവശ്യമായ ഉത്തരവ് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാട്ടി കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകാത്തതുമായ കെട്ടിടങ്ങൾക്ക് ഇത് ലഭിക്കുവാനാവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, നഗരസഭ നൽകിയ പെർമിറ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ

LIBRARY ARCHIVES Kerala Legislative Assembly